**ചരമോപചാരം**

എം. എം. ജേക്കബ്, കെ. വി. കുര്യൻ, എച്ച്. എൻ. അനന്തകുമാർ, എം. ഐ. ഷാനവാസ്, ഇ. നാരായണൻ നായർ, സി. എൻ. ബാലകൃഷ്ണൻ എന്നിവരുടെ നിര്യാണം.

മി. സ്പീക്കർ: മുൻ കേന്ദ്ര മന്ത്രിയും മേഘാലയ ഗവർണ്ണറുമായിരുന്ന എം. എം. ജേക്കബ്, മുൻ നിയമസഭാംഗം കെ. വി. കുര്യൻ, കേന്ദ്ര പാർലമെന്ററികാര്യ, വളം-രാസവസ്തു വകുപ്പുമന്ത്രി എച്ച്. എൻ. അനന്ത് കുമാർ, വയനാട് പാർലമെന്റ് നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന അംഗം എം. ഐ. ഷാനവാസ്, മുൻ നിയമസഭാംഗം ഇ. നാരായണൻ നായർ, മുൻ മന്ത്രി സി. എൻ. ബാലകൃഷ്ണൻ എന്നിവർ അടുത്തിടെ നിര്യാതരായി.

എം. എം. ജേക്കബ്

മുൻ കേന്ദ്ര മന്ത്രിയും മേഘാലയ ഗവർണ്ണറുമായിരുന്ന എം. എം. ജേക്കബ് 2018 ജൂലൈ 8-ന് അന്തരിച്ചു. ഉലഹന്നാൻ മാത്യു-റോസമ്മ മുണ്ടക്കൽ ദമ്പതികളുടെ മകനായി കോട്ടയം ജില്ലയിലെ രാമപുരം എന്ന സ്ഥലത്ത് 1928 ആഗസ്റ്റ് 9-ന് എം. എം. ജേക്കബ് ജനിച്ചു. രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, തേവര സേക്രട്ട് ഹാർട്ട്

കോളേജ്, മദ്രാസ് ലയോള കോളേജ്, ലഖ്നൗ യൂണിവേഴ്സിറ്റി കോളേജ്, ചിക്കാഗോ സർവ്വകലാശാല എന്നിവിടങ്ങളിലായിരുന്നു പഠനം.

ആചാര്യ വിനോബാഭാവയുടെ ഭൂദാന പ്രസ്ഥാനത്തിൽ ആകൃഷ്ടനായി നേതൃത്വ നിരയിൽ പ്രവർത്തിച്ചു. ജവഹർലാൽ നെഹ്റുവുമായുള്ള ബന്ധമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ എത്തിച്ചത്. മൂന്നുതവണ കേന്ദ്ര സഹമന്ത്രിയായി. 1982-ലും 1988-ലും രാജ്യസഭയിലെത്തി. 1986-ൽ രാജ്യസഭ ഡെപ്യൂട്ടി ചെയർമാനായി. രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനായ ആദ്യ മലയാളിയാണ്. 1995 മുതൽ 2005 വരെ മേഘാലയ ഗവർണ്ണർ ആയിരുന്നു. 1996-ൽ കുറച്ചുകാലം അരുണാചൽ പ്രദേശ് ഗവർണ്ണർ സ്ഥാനവും വഹിച്ചിട്ടുണ്ട്.

ദീർഘകാലം എ.ഐ.സി.സി. അംഗമായിരുന്ന അദ്ദേഹം കെ.പി.സി.സി. ജനറൽ സെക്രട്ടറി, ട്രഷറർ, സേവാദൾ സംസ്ഥാന ചെയർമാൻ, വീക്ഷണം മാനേജിംഗ് ഡയറക്ടർ എന്നീ സ്ഥാനങ്ങളും വഹിച്ചു. 1986-ൽ നടന്ന കോമൺവെൽത്ത് അംഗരാഷ്ട്രങ്ങളിലെ പാർലമെന്റംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട് ഐക്യരാഷ്ട്ര പൊതുസഭയിൽ ഇന്ത്യൻ പ്രതിനിധിയായിട്ടുണ്ട്. ഫ്രാൻസിൽ നടന്ന മനുഷ്യാവകാശ സമ്മേളനത്തിലും വിയന്നയിൽ നടന്ന കോമൺവെൽത്ത് പാർലമെന്റ് അംഗങ്ങളുടെ സമ്മേളനത്തിലും

പങ്കെടുത്തിട്ടുണ്ട്.

കാമ്പുള്ള പ്രസംഗവും അതിനൊത്ത പ്രവൃത്തിയുമായിരുന്നു എം. എം. ജേക്കബിന്റെ കൈമുതൽ. മികച്ച പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി, ഗവർണ്ണർ എന്നീ നിലകളിൽ ശോഭിച്ച ഉന്നതനായ നേതാവിന്റെ വിയോഗം നമുക്ക് കനത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

കെ. വി. കുര്യൻ

മുൻ നിയമസഭാംഗം കെ. വി. കുര്യൻ 2018 സെപ്റ്റംബർ 14-ന് അന്തരിച്ചു.

വർക്കി-മറിയം ദമ്പതികളുടെ മകനായി 1928 ഡിസംബർ 19-ന് കെ. വി. കുര്യൻ ജനിച്ചു. 1970, 1977 എന്നീ വർഷങ്ങളിൽ കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ നിന്നും യഥാക്രമം 4, 5 കേരള നിയമസഭകളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1952-ൽ കോൺഗ്രസ് പ്രവർത്തകനായി രാഷ്ട്രീയ ജീവിതം തുടങ്ങി. 1954-ൽ കെ.പി.സി.സി. അംഗമായി. 1964-ൽ കേരള കോൺഗ്രസ്സിൽ ചേർന്ന അദ്ദേഹം കേരള കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

കെ. വി. കുര്യന്റെ നിര്യാണത്തോടെ ജനകീയനായ ഒരു പൊതു

പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>എച്ച്. എൻ. അനന്ത് കുമാർ</u>

കേന്ദ്ര പാർലമെന്ററികാര്യ, വളം-രാസവസ്തു വകുപ്പ് മന്ത്രി എച്ച്. എൻ. അനന്ത് കുമാർ അന്തരിച്ചു.

എച്ച്. എൻ. നാരായൺ ശാസ്ത്രിയുടെയും ഗിരിജയുടെയും മകനായി 1959 ജൂലൈ 22-ന് ബംഗളൂരുവിൽ ജനിച്ചു. ബി. എ. ബിരുദവും, നിയമബിരുദവും നേടിയ അനന്ത് കുമാർ എ.ബി.വി.പി.-യിലൂടെയാണ് സംഘടനാ പ്രവർത്തനം തുടങ്ങിയത്. ബംഗളൂരു സൗത്ത് ലോക്സഭാ മണ്ഡലത്തിൽ നിന്ന് 1996 മുതൽ തുടർച്ചയായി ആറുതവണ ജയിച്ച അനന്ത് കുമാർ മൂന്ന് തവണ കേന്ദ്രമന്ത്രിയായി. ബി.ജെ.പി.-യിലെ കറപുരളാത്ത നേതാവും പൊതുസമ്മതനുമായിരുന്നു അദ്ദേഹം. പാർലമെന്റിൽ ചരക്ക്-സേവന നികുതി ബിൽ ഉൾപ്പെടെ സുപ്രധാന ബില്ലുകൾ പാസാക്കുന്നതിൽ നിർണ്ണായകമായ പങ്ക് അദ്ദേഹം വഹിച്ചു. കർണ്ണാടക ബി.ജെ.പി അദ്ധ്യക്ഷനായും ദേശീയ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു.

രാഷ്ട്രീയത്തോടൊപ്പം ജീവകാരുണ്യ പ്രവർത്തനത്തിലും സജീവമായിരുന്നു. ഭാഷകളോട് പ്രത്യേക മമത ഉണ്ടായിരുന്ന അദ്ദേഹം

വിവിധ ഭാഷകൾ അനായാസം കൈകാര്യം ചെയ്തിരുന്നു. എല്ലാ രാഷ്ട്രീയ നേതാക്കളുമായും വ്യക്തിപരമായ അടുപ്പം പുലർത്താൻ അനന്ത് കുമാർ പ്രത്യേകം ശ്രദ്ധിച്ചു. പാർലമെന്ററികാര്യമന്ത്രിയെന്ന നിലയിൽ പാർലമെന്റിന്റെ സുഗമമായ നടത്തിപ്പിൽ അദ്ദേഹത്തിന്റെ സേവനം പ്രശംസനീയമായിരുന്നു. കേരള നിയമസഭയുടെ ഡിജിറ്റലൈസേഷൻ യാഥാർത്ഥ്യമാക്കാൻ അകമഴിഞ്ഞ സഹായം അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു.

അനന്ത് കുമാറിന്റെ മരണത്തോടെ മികച്ച ഒരു പാർലമെന്റേറിയനേയും, സാമൂഹ്യപ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>എം. ഐ. ഷാനവാസ്</u>

വയനാട് പാർലമെന്റ് നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന അംഗവും കോൺഗ്രസ് നേതാവുമായ എം. ഐ. ഷാനവാസ് 2018 നവംബർ 21-ന് അന്തരിച്ചു.

തിരുവല്ല നീരേറ്റുപുറം മുക്കാട്ടുപറമ്പിൽ അഡ്വ. എം. വി. ഇബ്രാഹിംകുട്ടിയുടെയും നൂർജഹാൻ ബീഗത്തിന്റെയും മകനായി 1951 സെപ്റ്റംബർ 22-ന് ജനിച്ചു. കോഴിക്കോട് ഫറൂഖ് കോളേജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ.-യും എറണാകുളം ലോ കോളേജിൽ നിന്നും

എൽ.എൽ.ബി.-യും നേടി.

കെ.എസ്.യു.-വിലൂടെ രാഷ്ട്രീയ രംഗത്ത് പ്രവേശിച്ച അദ്ദേഹം യൂത്ത് കോൺഗ്രസ്, സേവാദൾ എന്നീ സംഘടനകളിൽ നേതൃപരമായ ചുമതലകൾ വഹിച്ചു. കെ.പി.സി.സി.-യുടെ ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ ചുമതലകൾ വഹിച്ചിരുന്നു. 30 വർഷത്തിലേറെ കെ.പി.സി.സി. അംഗമായി പ്രവർത്തിച്ചു. നിലവിൽ കെ.പി.സി.സി.-യുടെ വർക്കിംഗ് പ്രസിഡന്റായിരുന്നു.

ഏതു പ്രതിസന്ധികളെയും അതിജീവിക്കാനും പരിഹരിക്കാനുമുള്ള മിടുക്കാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. വാഗ്മി, സംഘാടകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ എം. ഐ. ഷാനവാസിന്റെ വിയോഗത്തിലൂടെ പ്രഗത്ഭനായ ഒരു പൊതു പ്രവർത്തകനെയും, രാഷ്ട്രീയ പ്രവർത്തകനെയുമാണ് നഷ്ടമായിരിക്കുന്നത്.

<u>ഇ. നാരായണൻ നായർ</u>

മുൻ നിയമസഭാംഗം ഇ. നാരായണൻ നായർ 2018 നവംബർ 27-ന് അന്തരിച്ചു.

കേളു നായർ-ഉണ്ണിമാധവിക്കുട്ടിയമ്മ ദമ്പതികളുടെ മകനായി 1931

ജനുവരി 31-ന് ജനിച്ചു. 4, 5 കേരള നിയമസഭകളിൽ 1970 മുതൽ 1980 വരെ കൊയിലാണ്ടി മണ്ഡലത്തെ പ്രതിനിധീകരിച്ചു. 1943-44 കാലഘട്ടത്തിൽ മലബാറിലെ വിദ്യാർത്ഥി കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ടാണ് നാരായണൻ നായർ സജീവ പൊതുപ്രവർത്തനം ആരംഭിച്ചത്. 1954-ൽ മാഹിയിൽ ചേർന്ന മലയാള പ്രദേശ് യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. ഭാരത് സേവക് സമാജ് സംസ്ഥാന പ്രസിഡന്റ്, ചെങ്ങോട്ട്കാവ് പഞ്ചായത്തംഗം, യൂത്ത് കോൺഗ്രസ് വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

മികച്ച ഒരു സഹകാരി കൂടിയായിരുന്ന ഇ. നാരായണൻ നായരുടെ നിര്യാണത്തോടെ കഴിവുറ്റ ഒരു പൊതു പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

<u>സി. എൻ. ബാലകൃഷ്ണൻ</u>

മുൻ സഹകരണ വകുപ്പുമന്ത്രി സി. എൻ. ബാലകൃഷ്ണൻ 2018 ഡിസംബർ 10-ന് അന്തരിച്ചു.

നാരായണൻ എഴുത്തച്ഛൻ-പാറുഅമ്മ ദമ്പതികളുടെ മകനായി തൃശ്ശൂർ

ജില്ലയിലെ പുഴക്കലിൽ 1934 നവംബർ 18-ന് ജനിച്ചു.

പുറനാട്ടുകര ശ്രീരാമകൃഷ്ണ മിഷൻ സ്കൂളിൽ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സ്കൂൾ വിദ്യാർത്ഥിയായിരിക്കെ വിനോബാജിയുടെ ഭൂദാന പ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ടാണ് സി. എൻ. ബാലകൃഷ്ണൻ പൊതുപ്രവർത്തനത്തിലേയ്ക്ക് കടന്നുവരുന്നത്. ഇന്ത്യ സ്വതന്ത്രമാകുന്നതിന് തലേദിവസം മുതുവറ ഗ്രാമത്തിൽ നടത്തിയ പ്രകടനത്തിൽ അദ്ധ്യാപകരോടൊപ്പം വിദ്യാർത്ഥിയായ ബാലകൃഷ്ണനും പങ്കെടുക്കുകയുണ്ടായി. ഖാദി പ്രസ്ഥാനത്തിൽ സജീവമായ അദ്ദേഹം ഖാദി ബോർഡിൽ ഉദ്യോഗസ്ഥനായും തെരഞ്ഞെടുപ്പിലൂടെ ഖാദി ബോർഡ് അംഗമായും ദീർഘകാലം ബോർഡിന്റെ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, ഗ്രന്ഥശാല സംഘം സംസ്ഥാന ജോയിന്റ് സെക്രട്ടറി, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, തൃശ്ശൂർ ഡി.സി.സി. ട്രഷറർ, പ്രസിഡന്റ് കെ.പി.സി.സി. ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിരവധി സഹകരണ സ്ഥാപനങ്ങളുടെ അമരക്കാരനായി നിന്ന് അവയുടെ വളർച്ചയിൽ അദ്ദേഹം നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

സി. എൻ. ബാലകൃഷ്ണന്റെ നിര്യാണത്തോടെ സൗമ്യതയുടെ പര്യായമായ ഒരു പൊതു പ്രവർത്തകനേയും പകരംവയ്ക്കാനില്ലാത്ത ഒരു മികച്ച സഹകാരിയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)